PAN/5771/2020-B1(DP)

**പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയം**
**പബ്ലിക് ഓഫീസ് പി ഓ , 695033 ,**
**തിരുവനന്തപുരം**
**crbdkerala@gmail.com**
**0471-2323286** **തീയതി : 15/05/2021**

**<u>സർക്കുലർ</u>**

വിഷയം: – കോവിഡ്-19 കോവിഡ് 19 - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ജനന-മരണ-വിവാഹങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിനും രജിസ്റ്റർ ചെയ്യുന്നതിനുമുള്ള കാലാവധി ദീർഘിപ്പിച്ചു നൽകുന്നത് - സംബന്ധിച്ച്

പരാമർശം: –

1. Disaster Management(A) department G.O (Rt) No. 404/2021/DMD Dated 06.05.2021.
2. Disaster Management (A)Department G.O.(Rt)No 416/2021/DMD Dated 14/5/2021
3. The General Clauses Act ,1897,Section 10

കോവിഡ് 19 മായി ബന്ധപ്പെട്ട് പരാമർശം (1), (2) പ്രകാരം കേരള സർക്കാർ സംസ്ഥാനത്ത് 08.05.2021 മുതൽ 23.05.2021 വരെ ലോക് ഡൗൺ പ്രഖ്യാപിച്ചതിനെ തുടർന്ന് ഓഫീസുകൾ തുറന്നു പ്രവർത്തിക്കുന്നതിനും , പൊതു ജനങ്ങൾക്ക് സഞ്ചാര സ്വാതന്ത്ര്യത്തിനും നിയന്ത്രണം ഏർപ്പെടുത്തിയിരുന്ന പ്രത്യേക സാഹചര്യത്തിൽ സംസ്ഥാനത്തു സിവിൽ രജിസ്ട്രേഷൻ സംബന്ധിച്ച് യഥാസമയം നടപടികൾ സ്വീകരിക്കാൻ കഴിയാത്തതിനാൽ ലോക്ഡൗണായ ടി കാലയളവിൽ 21 ദിവസം കഴിയുന്ന ജനന മരണങ്ങൾ പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കാത്ത വിധത്തിൽ രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിക്കുന്നതിന് ടി കാലഘട്ടത്തിലെ കാലതാമസം ദീർഘിപ്പിക്കേണ്ടതായി കാണുന്നു. ടി സാഹചര്യത്തിൽ താഴെപ്പറയുന്ന മാർഗനിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.

കോവിഡ്-19 സംബന്ധമായി 08.05.2021 മുതൽ 23.05.2021 വരെ ലോക് ഡൗൺ ആകയാൽ ആയത് അവസാനിക്കുന്ന ദിവസം , റിപ്പോർട്ടിംഗ് കാലാവധി കഴിയുന്ന ജനന-മരണങ്ങൾ യഥാസമയം റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിലോ, രജിസ്ട്രേഷൻ നടന്നിട്ടില്ലെങ്കിലോ അപ്രകാരമുള്ള അപേക്ഷകൾ പരാമർശം (3) പ്രകാരം യഥാസമയം റിപ്പോർട്ട് ചെയ്തതായി കണക്കാക്കി ജനന-മരണം രജിസ്റ്റർ ചെയ്യാവുന്നതാണ്. ടി

കാലയളവിൽ ടെലഫോൺ, ഇമെയിൽ മുഖേനയും വാക്കാൽ നൽകുന്നതുമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ യഥാസമയം ഇൻവേർഡ് ചെയ്യേണ്ടതും ലോക്ക്ഡൌൺ അവസാനിക്കുന്ന അടുത്ത ദിവസം റിപ്പോർട്ട് വാങ്ങി രജിസ്റ്റർ ചെയ്യേണ്ടതുമാണ്. പൊതുജനങ്ങളുടെ അറിവിലേയ്ക്കായി ജനന -മരണ രജിസ്ട്രേഷൻ നടപടി ക്രമങ്ങളിൽ വരുത്തിയിട്ടുള്ള മേൽ ഇളവുകൾ സംബന്ധിച്ച് രജിസ്ട്രാർമാർ വ്യാപകമായ പ്രചാരണം നടത്തേണ്ടതും അത്തരത്തിലുള്ള അപേക്ഷകൾ സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതുമാണ്. ഇൻഫർമേഷൻ കേരള മിഷൻ ഇതിനാവശ്യമായ ക്രമീകരണങ്ങൾ സോഫ്റ്റ് വെയറിൽ വരുത്തേണ്ടതാണ്.

വിശ്വസ്തതയോടെ

**MEENAKUMARI AMMA.O**
**JOINT DIRECTOR AND CHIEF REGISTRAR**

പകർപ്പ്

എല്ലാ ജനന-മരണ രജിസ്ട്രാർമാർക്കും
എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും (ജനന-മരണ രജിസ്ട്രാർമാർക്കും സർക്കുലറിന്റെ പകർപ്പ് നൽകേണ്ടതാണ്.)
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ് (ഉപരിപത്രം സഹിതം)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐകെഎം (ഉപരിപത്രം സഹിതം)
അഡീഷണൽ ചീഫ് രജിസ്ട്രാർ
നഗരകാര്യ വകുപ്പ് ഡയറക്ടർ
എല്ലാ ബ്രാഞ്ച് ആഫീസർമാർക്കും (പഞ്ചായത്ത് ഡയറക്ടറേറ്റ്)
എല്ലാ സെക്ഷൻ സൂപ്രണ്ടുമാർക്കും (പഞ്ചായത്ത് ഡയറക്ടറേറ്റ്)
പബ്ലിസിറ്റി ആഫീസർ (പഞ്ചായത്ത് ഡയറക്ടറേറ്റ്)
കരുതൽ ഫയൽ

Signature Not Verified

Digitally signed by
Meenakumari Amma O
Date: 2021.05.15 18:10:13 IST
Reason: Approved